# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 119** **20.01.2014-ലെ മറുപടിക്ക്**

## പെട്രോളിയം ഉൽപന്നങ്ങളുടെ വിലനിയന്ത്രണം

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു
ശ്രീ. എളമരം കരീം
ശ്രീ. കെ.വി. വിജയദാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും
വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | ഡീസലിന്റെ വില നിയന്ത്രണം നീക്കം ചെയ്യാൻ കേന്ദ്ര സർക്കാർ ആലോചിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡീസലിന്റെ വില നിയന്ത്രണം നീക്കം ചെയ്യാൻ കേന്ദ്ര സർക്കാർ ആലോചിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പെട്രോൾ, പാചകവാതകം ഉൾപ്പെടെയുള്ളവയുടെ വില നിയന്ത്രണം നീക്കം ചെയ്തത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയേയും ജനജീവിതത്തെയും ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുകയുണ്ടായി; പ്രതിവർഷം എത്ര കോടി രൂപയുടെ അധിക ബാദ്ധ്യത സംസ്ഥാനത്തിനുണ്ടായിട്ടുണ്ട് ; | പെട്രോൾ, പാചകവാതകം ഉൾപ്പെടെയുള്ളവയുടെ വില വർദ്ധനവ് ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ നിത്യോപയോഗ വസ്തുക്കളായ അരി, പച്ചക്കറി, മറ്റ് അവശ്യ വസ്തുക്കൾ എന്നിവയ്ക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യത്തിൽ കടത്തുകൂലിയിലും മറ്റും ഉണ്ടാകുന്ന വർദ്ധനവ് ആനുപാതികമായി അവശ്യവസ്തുക്കളുടെ വിലക്കയറ്റത്തിനുമിടയാക്കുന്നുണ്ട്. പെട്രോളിയം ഉത്പന്നങ്ങളുടെ വിലവർദ്ധനവിന്റെ ഫലമായി നിർമ്മാണ വസ്തുക്കൾ, സാമഗ്രികൾ എന്നിവയുടെ വിലയും കൂലിച്ചെലവും വർദ്ധിച്ചാൽ അത് പദ്ധതികളുടെ എസ്റ്റിമേറ്റിലും ചെലവിലും വർദ്ധനവ് വരുത്താനിടയാക്കും. കൂടാതെ സർക്കാർ വാഹനങ്ങളുടെ ഇന്ധച്ചെലവും കൂടാനിടയാക്കും. ഇത്തരത്തിലുണ്ടാകുന്ന അധിക ബാദ്ധ്യത കണക്കാക്കപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധനവുമായി ബന്ധപ്പെട്ട് പെട്രോളിന് 4 തവണയും ഡീസലിന് 2 തവണയും നികുതിയിളവ് പ്രഖ്യാപിച്ചതുവഴി പെട്രോളിന്റെ വിൽപന നികുതിയിനത്തിൽ പ്രതിമാസം ലഭിക്കേണ്ടിയിരുന്ന തുക യഥാക്രമം 11, 9.08, 5.10, 22.48 കോടി രൂപയും ആയതിന് ഡീസലിന് യഥാക്രമം 13.07, 19.95 കോടി രൂപയും സർക്കാർ വേണ്ടെന്നുവച്ചു. |

| | | |
|---|---|---|
| (സി) | ഡീസൽവില നിയന്ത്രണം നീക്കം ചെയ്യാതിരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താമോ; | ഡീസൽവില നിയന്ത്രണം നീക്കം ചെയ്യേണ്ടതില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. |
| (ഡി) | ഡീസൽവില നിയന്ത്രണമില്ലാതായാൽ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനം എന്തെല്ലാം കെടുതികൾ നേരിടേണ്ടതായി വരും; | ഡീസൽവില നിയന്ത്രണമില്ലാതായാൽ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്ത് കടുത്ത വിലക്കയറ്റത്തിന് കാരണമാകും. അത്തരം സാഹചര്യത്തിൽ പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സപ്ലൈകോ, കൺസ്യൂമർ ഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് അധിക സഹായം നൽകേണ്ടതായി വരും. ഇത് സംസ്ഥാന സർക്കാരിന്മേൽ അധിക സാമ്പത്തിക സമ്മർദ്ദം സൃഷ്ടിക്കും. |
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് പെട്രോൾ, ഡീസൽ, പാചക വാതകം എന്നിവയുടെ വില എത്ര തവണ വർദ്ധിപ്പിക്കുകയുണ്ടായി; 2011 മെയ് 16 ന് ഇവയ്ക്കുണ്ടായിരുന്ന വിലയുടെ എത്ര ശതമാനം വർദ്ധനവ് ഇപ്പോഴത്തെ വിലയിലുണ്ടെന്ന് വിശദമാക്കാമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിന് 18 തവണയും ഡീസലിന് 16 തവണയും പാചക വാതകത്തിന് 11 തവണയും വില വർദ്ധിച്ചിട്ടുണ്ട്. 2011 മേയ് 16 ന് ശേഷം പെട്രോളിന് 12 ശതമാനവും ഡീസലിന് 39 ശതമാനവും പാചക വാതകത്തിന് 21 ശതമാനവും വില വർദ്ധന ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ